കരും ആത്മാർഥമായ പ്രശംസയർഹിക്കുന്നു. ദേശീയ പുരസ്ക്കാരങ്ങൾ കരസ്ഥമാക്കിയ എല്ലാ കലാകാരൻമാരെയും പ്രതിഭകളെയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

III. അടിയന്തിരപ്രമേയം

തിരുവനന്തപുരം സബ് ജയിലിനുമുമ്പിൽ ബോംബുസ്ഫോടനം മൂലം വിചാരണ തടവുകാരൻ കൊല്ലപ്പെട്ട സംഭവം.

മി. സ്പീക്കർ : 1999 ജൂലൈ 16-ാം തീയതി വെള്ളിയാഴ്ച കോടതിയിൽ ഹാജരാക്കിയതിനുശേഷം സബ്ജയിലിലേക്ക് കൊണ്ടുപോയ വിചാരണ തടവുകാരനായ കബീർ തിരുവനന്തപുരം സബ്ജയിൽ കവാടത്തിനു മുമ്പിൽവച്ച് ബോംബേറുമൂലം കൊല്ലപ്പെടുകയും ഒരു സഹതടവുകാരനും രണ്ടു പോലീസ് കോൺസ്റ്റബിൾമാർക്കും പരിക്ക് പറ്റുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സാഹചര്യം കണക്കിലെടുത്ത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ചു ചെയറിനു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം സബ്ജയിലിൽ വിവിധ കേസുകളിൽ വിചാരണ തടവുകാരായി കഴിഞ്ഞിരുന്ന കബീർ, ബിനിൽ എന്നിവരെ വിചാരണയ്ക്കായി ആറ്റിങ്ങൽ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻപാകെ ഹാജരാക്കുന്നതിന് 16-7-99-ന് രാവിലെ കൊണ്ടുപോയി. രണ്ടു പോലീസുകാരുടെ മേൽനോട്ടത്തിൽ തടവുകാരെ കോടതിയിൽ ഹാജരാക്കിയതിനുശേഷം തിരികെ തമ്പാനൂരിൽ ബസ്സിൽ വന്നിറങ്ങുകയും അവിടെ നിന്ന് ഒരു ഓട്ടോറിക്ഷയിൽ പ്രതികളെ കയറ്റി അട്ടക്കുളങ്ങര സബ്ജയിലിനുമുൻപിൽ വന്നിറങ്ങുകയും ചെയ്തു. തുടർന്ന് പ്രതികളെ സബ്ജയിലിലേക്ക് നടത്തിക്കൊണ്ടുപോകവേ തടവുകാരിൽ ഒരാളായ കബീറിന്റെ തലയിൽ പുറകിൽനിന്ന് ആരോ എറിഞ്ഞ സ്ഫോടകവസ്തു പൊട്ടിത്തെറിച്ച് കബീർ തൽക്ഷണം മരണപ്പെട്ടു. കബീറിനോടൊപ്പം ഉണ്ടായിരുന്ന തടവുകാരൻ ബിനിലിന് എസ്കോർട്ട് ചെയ്ത പോലീസുകാരായ ഭാസ്ക്കരൻ നായർ, വേണു എന്നിവർക്കും വഴിയാത്രക്കാരനായ ഒരാൾക്കും പരിക്കുപറ്റി. ഇക്കാര്യത്തിനു സബ്ജയിൽ ഹെഡ് വാർഡന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 302,307, 324,34 എന്നീ വകുപ്പുകൾ പ്രകാരം 1908-ലെ The explosive substances Act പ്രകാരം ക്രൈം 223/99-ാം നമ്പരായി ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തു. തുടർന്ന് പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം കബീറിന്റെ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം ചെയ്തു, പരിശോധന നടത്തിയശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെ സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ അഞ്ചോളം പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർ അടങ്ങിയ ഒരു പ്രത്യേക പോലീസ് ടീമിനെ നിയോഗിച്ചു അക്രമികളെ കണ്ടെത്തുന്നതിന് വ്യാപകമായ അന്വേഷണം ആരംഭിച്ചു. അതേത്തുടർന്ന് പ്രതികളിൽപ്പെട്ട വള്ളക്കടവ് സ്വദേശികളായ ഷാനവാസ്, സുജാസ്, വലിയതുറ സ്വദേശി ലാൽഖാൻ എന്നിവരെ 18-7-99-ന് അറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. കൂടാതെ അവർ കൃത്യത്തിനു ഉപയോഗിച്ച ഒരു കാറും, രണ്ടു മോട്ടോർ സൈക്കിളും പോലീസ് ബന്തവസ്സിൽ എടുക്കുകയും ചെയ്തു. വള്ളക്കടവ് സ്വദേശി കരാട്ടെ ഫറൂക്ക് എന്നു വിളിക്കുന്ന ഫറൂഖും, ചാന്നാങ്കര സ്വദേശി എ.ൽ.ടി.ടി.ഇ കബീർ എന്നു വിളിക്കുന്ന കൊല്ലപ്പെട്ട കബീറും തമ്മിലുള്ള വിരോധമാണ് പകപോക്കലിനു കാരണമായതെന്നാണ് അറസ്റ്റിലായ പ്രതികളെ ചോദ്യം ചെയ്തതിൽനിന്ന് മനസ്സിലായത്. മറ്റു പ്രതികൾക്ക് വേണ്ടി വ്യാപകമായ തിരച്ചിൽ നടത്തുന്നുണ്ട്. കേസ്സ് അന്വേഷണത്തിൽ നേരിട്ടു മേൽനോട്ടം വഹിച്ച് അടിയന്തിരനടപടി സ്വീകരിക്കുവാനും സാമൂഹ്യ വിരുദ്ധൻമാർക്കും അക്രമസംഭവങ്ങൾക്കും എതിരായി ശക്തമായ നടപടികൾ സ്വീകരിക്കുവാനും ദക്ഷിണമേഖലാ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിനു നിർദ്ദേശം കൊടുത്തു. ഇക്കാര്യത്തിൽ ഊർജിതമായ നടപടികൾ പോലീസ് സ്വീകരിച്ചുവരികയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് അക്രമികൾക്ക് എതിരായി ശക്തമായ നടപടികൾ സ്വീകരിക്കും. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്, സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ബി. വിജയകുമാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ച സംഭവം കഴിഞ്ഞ് മൂന്നുദിവസം കഴിഞ്ഞിട്ടും ഇതിലെ മുഖ്യ പ്രതികളെ അറസ്റ്റുചെയ്യാനും ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. സർ, ഇന്നു പിടികൂടിയിരിക്കുന്ന മൂന്നു പ്രതികൾ അവരുടെ കൂട്ടത്തിൽ ഗൂഡാലോചനയിൽ പങ്കെടുത്തവരാണ് എന്ന് ഇന്നത്തെ എല്ലാ പത്രമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് അകമ്പടിയോടെ വിചാരണ തടവുകാരായ കബീർ, ബിനിൽ എന്നിവരെ ആറ്റിങ്ങൽ കോടതിയിൽ ഹാജരാക്കിയശേഷം അട്ടക്കുളങ്ങര സബ്ജയിലിലേക്ക് കൈവിലങ്ങുമായി കോണ്ടുപോകുമ്പോഴാണ് ജയിൽ കവാടത്തിനുമുന്നിൽവച്ച് ഇവരെ ഗുണ്ടാസംഘം ബോംബ് എറിഞ്ഞു കൊന്നത്, കൈവിലങ്ങുണ്ടായിരുന്ന പോലീസ്കസ്റ്റഡിയിൽ ഇരിക്കുമ്പോഴാണ് ഇവരെ ബോംബ് എറിഞ്ഞുകൊന്നത് എന്നതാണ് ഇതിലെ ഏറ്റവും ഗൗരവതരമായ സ്ഥിതിവിശേഷം. സംഭവസ്ഥലമോ പോലീസ് സ്റ്റേഷന്റെ മുൻപിൽ, സബ്ജയിലിന്റെ മുൻപിൽ മാത്രമല്ല, സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നിവർ അടങ്ങുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഓഫീസിനു തൊട്ടുമുൻപിൽവച്ചാണ് ഈ നഗരത്തെ നടുക്കിയ സംഭവം നടന്നിരിക്കുന്നത്. എന്താണ് സാർ ഇന്ന് നഗരത്തിലെ സ്ഥിതി. ബോംബെ മോഡലിൽ ഒരു ഗാംഗ് വാർ പോലെ തിരുവനന്തപുരം നഗരത്തിലും ഇന്ന് ഇത് നിത്യസംഭവമായിരിക്കുകയാണ്. എത്ര പേരാണ് ഈ നഗരത്തിൽ ഈ അടുത്തകാലത്ത് കൊല്ലപ്പെട്ടിരിക്കുന്നത്. തിരക്കേറിയ മണക്കാട് മാർക്കറ്റാണ് തൊട്ടടുത്ത്. ഇപ്പുറത്ത് പോലീസ് സ്റ്റേഷൻ, അതിനും ഇപ്പുറത്ത് എപ്പോഴും കോവളത്തേക്കു പോകുന്ന യാത്രക്കാർ അടക്കമുള്ള ബസ് സ്റ്റേഷൻ, വിദേശികൾ കോവളത്തേക്കു പോകുന്ന റോഡ്, ആറ്റുകാൽ ക്ഷേത്രത്തിലേയ്ക്ക് ആയിരക്കണക്കിന് സ്ത്രീകൾ പോകുന്ന സ്ഥലം. അത്ര തിരക്കേറിയ പ്രധാനപ്പെട്ട റോഡിൽ വച്ചാണ് ഈ സംഭവം നടന്നിരിക്കുന്നത്. സർ ഇന്നെന്താ, കൈയ്ക്ക് ഒരു റേറ്റ്, കാലിനു ഒരു റേറ്റ്, തലയ്ക്ക് ഒരു റേറ്റ് ഇങ്ങനെയാണ് ഇന്ന് ഗുണ്ടകൾ തിരുവനന്തപുരം നഗരത്തിൽ റേറ്റ് നിശ്ചയിച്ചിരിക്കുന്നത്. ഓരോ പാർട്ടിനും ഓരോ റേറ്റ്, സർ, കണിയാപുരം ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നിയോജകമണ്ഡലമാണ്. അവിടെ ജനങ്ങൾ ഹർത്താൽ ആചരിച്ചു. എല്ലാ രാഷ്ട്രീയ പാർട്ടികളും അതിൽ പങ്കെടുത്തു. വെബ്സൈറ്റ് ഉൾപ്പെടെ അത്യാ

LIBRARY ARCHIVES Kerala Legislative Assembly

ധുനിക സംവിധാനങ്ങളുമായി പോലീസ് സൈബർ യുഗത്തിലേക്ക് കുതിക്കുമ്പോഴാണ്, അങ്ങും ഡി.ജി.പി.യും ഉത്ഘാടനം ചെയ്ത അത്യാധുനിക സൗകര്യങ്ങളുള്ള പോലീസ് സ്റ്റേഷന്റെ മൂക്കിന്റെ തുമ്പത്താണ് ഈ സംഭവം നടന്നിരിക്കുന്നത്. സെക്രട്ടേറിയറ്റിലെ ഇൻഡ്യൻ കോഫിഹൗസിൽ വർക്കു ചെയ്യുന്ന സുധീർകുമാർ എന്തു കുറ്റം ചെയ്തു, നിരപരാധിയായ സുധീർകുമാർ അത്യാസന്നനിലയിൽ ആശുപത്രിയിലാണ്. രണ്ടു പോലീസുകാർ ആശുപത്രിയിലാണ്. അങ്ങയ്ക്കറിയാമല്ലോ ബഹുമാനപ്പെട്ട സ്പീക്കർ ആ സമയത്ത് ആ വഴി കടന്നുപോയി. സ്ത്രീകൾ ഭയന്നുകൊണ്ടു ഓടുന്നത് അങ്ങ് കണ്ടില്ലേ, സ്ത്രീകൾ ഭയന്ന് നെട്ടോട്ടം ഓടുകയായിരുന്നു. ജനങ്ങൾ ഓടുകയായിരുന്നു, പട്ടാപ്പകൽ രണ്ടുമണിക്കാണ് ഈ സംഭവം നടന്നത്. ഒരു വർഷം മുൻപ് കബീറിനു നേരെ മറ്റൊരു ആക്രമണം നടത്തിയിരുന്നു. ജയിലിലേക്ക് കൊണ്ടുപോകുന്നതിനിടയിൽ ആക്രമിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകസംരക്ഷണം വേണമെന്ന് കൊല്ലപ്പെട്ട കബീർ പോലീസിനു എഴുതിക്കൊടുത്തിരുന്നു. എന്നുമാത്രമല്ല പോലീസിന്റെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞയാഴ്ച ആറ്റിങ്ങൽ കോടതിയിൽ ഹാജരാക്കിയപ്പോൾ കോടതിവളപ്പിൽവച്ച് ഒരു ഗുണ്ടാസംഘം കബീറിനെ മർദ്ദിച്ചു. സർ, അതിനെത്തുടർന്നാണ് അദ്ദേഹം പോലീസ് സംരക്ഷണം വേണമെന്ന് എഴുതി കൊടുത്തത്. എന്നിട്ട് ഒരു എ.എസ്സ്.ഐ.യെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെ ഇത്ര ലാഘവ ബുദ്ധിയോടുകൂടി കൊണ്ടുപോയത് ശരിയാണോ? പോലീസിന്റെ ഭാഷ്യം എന്താണ്? പോലീസ് പറയുന്നത് ഫോർട്ട് പോലീസ് സ്റ്റേഷനിൽനിന്ന് പോലീസുകാർ ഓടി എത്തിയപ്പോഴേക്ക് അക്രമികൾ ഓടി പുത്തൻതെരുവിൽ പാർക്ക് ചെയ്തിരുന്ന യമഹാ ബൈക്കിൽ കയറി കടന്നുകളഞ്ഞു എന്നാണ്. ഒരു കാറിൽ ചില അക്രമികൾ ഈ നടപടികൾ വീക്ഷിച്ചിരുന്നുവെന്നും ബൈക്കിൽ വന്നവർ പരാജയപ്പെട്ടാൽ അവർ ഇടപെടുമായിരുന്നുവെന്നും പോലീസ് പറയുന്നു. ഒരു ബൈക്കിൽ രണ്ടുപേർ, ഒരു കാറിൽ കുറെ ഗുണ്ടകൾ, ഇത്രയും പേരുടെ സാന്നിദ്ധ്യത്തിലാണ് ഈ സംഭവം നടന്നത്. നമ്മുടെ പോലീസിൽ എത്ര ഫ്ളൈയിംഗ് സ്കാഡ് ഉണ്ട്. നഗരത്തിൽ എത്ര ഫ്ളൈയിംഗ് സ്കാഡ് പറന്നുനടക്കുന്നു. സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസുകാരുംകൂടി ചേർന്ന് എത്ര മോട്ടോർ ബൈക്ക് സ്കാഡ് ഉണ്ട്. അങ്ങ് പരിശോധിക്കണം. എന്താണ് ഇവിടെ പണി? പാവപ്പെട്ട സ്ത്രീകൾ സ്കൂട്ടറിൽ പോയാൽ അവരെ തടഞ്ഞുനിറുത്തി പരിശോധിച്ചു അവരെ അപമാനിക്കലാണ് ഇവരുടെ ജോലി. മാന്യൻമാർ കാറിൽ പോയാലും അവരെ ഊതിച്ചു മണപ്പിക്കുന്നതാണ് ഇവരുടെ തൊഴിൽ. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിട്ടും ഈ ഫ്ളൈയിംഗ് സ്കാഡുകാർ എവിടെ പോയിരുന്നു? ഫോർട്ട് പോലീസ്സ് സ്റ്റേഷനിൽ നിന്ന് മെസേജ് കൊടുത്തു. നഗരത്തിൽ പത്ത് പതിനഞ്ച് ഫ്ളൈയിംഗ് സ്കാഡ് ഉണ്ട്. അവർക്കാർക്കെങ്കിലും ഈ കുറ്റവാളികളെ ഫോളോ ചെയ്യാൻ കഴിഞ്ഞോ? എന്താണ് പറയുന്നത്? എ.എസ്.ഐ. ബംഗ്ളാദേശ് കോളനി വരെ ഫോളോ ചെയ്തു. അതു കഴിഞ്ഞപ്പോൾ അക്രമികൾ ബംഗ്ളാദേശ് കോളനിയിൽ കയറിപ്പോയി, എന്ന് പറഞ്ഞത് ആരാണ്. ഐ.ജി പറയുന്നു അവിടെ കയറി പോയി എന്ന്. ഇത്രയും പോലീസ് സംവിധാനം ഈ നഗരത്തിൽ ഉണ്ടായിട്ട് മിന്നൽവേഗത്തിൽ അവിടെ പറന്നുഎത്താൻ കഴിഞ്ഞോ? എന്താണ് സാർ, ഫ്ളൈയിംഗ് സ്കാഡിന്റെ ഇപ്പോഴത്തെ ജോലി? പണ്ട് പോലീസ് പുല്ലാണെന്ന് പറഞ്ഞവരാണ് നിങ്ങൾ. നഗരത്തിൽ പൈലറ്റ് പോവുകയല്ലേ ഫ്ളൈയിംഗ് സ്കാഡിന്റെ ജോലി. അവർക്ക് നഗരത്തിലെ കുറ്റവാളികളെ പിടിക്കാൻ കഴി

LIBRARY ARCHIVES Kerala Legislative Assembly

യുന്നില്ല. അവരുടെ ജോലി നിങ്ങൾ 14 മന്ത്രിമാർക്ക് പൈലറ്റു പോവുകയാണ്. അതുകൊണ്ടു അവർക്ക് കുറ്റവാളികളെ പിടിക്കാൻ കഴിയുന്നില്ല. ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ വീട്ടിൽ മോഷണം നടന്നു. ഇത് ഞാൻ ഒന്നുവായിക്കട്ടെ. ആഭ്യന്തര സെക്രട്ടറിയുടെ വീട്ടിൽ മോഷണം നടന്ന വിവരം അപ്പോൾത്തന്നെ കൺട്രോൾറൂമിൽ ആഭ്യന്തര സെക്രട്ടറി അറിയിച്ചിരുന്നു. അവിടെനിന്ന് ലഭിച്ച സന്ദേശത്തെത്തുടർന്ന് പട്ടത്തെ ഫ്ളൈയിംഗ് സ്കാഡ് സംഘം ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ വീട് എവിടെയെന്നു തിരക്കിയത് ബൈക്കിൽ എത്തിയ മോഷ്ടാക്കളോടായിരുന്നു. മോഷ്ടാക്കൾ കൃത്യമായി വീട് പറഞ്ഞു കൊടുത്തു. എന്നിട്ട് അവർ ഊട് വഴിയിലേക്ക് ആ ബൈക്ക് ഓടിച്ചുപോയി. അപ്പോഴാണ് ഫ്ളൈയിംഗ് സ്കാഡിൽ ഉണ്ടായിരുന്ന പോലീസുകാർക്ക് ബോധ്യം വന്നത് ഇവർ ക്രിമിനലുകളാണല്ലോ എന്ന്. അപ്പോൾ ഉടനെ അവർ തിരിഞ്ഞുനോക്കിയപ്പോൾ മോഷ്ടാക്കൾ കടന്നുകളഞ്ഞു. ഇതല്ലേ സർ, ആഭ്യന്തര സെക്രട്ടറിയുടെ വീട്ടിൽ നടന്നത്? കേരള കൗമുദിയുടെ എം.എസ്സ്. മണിയുടെ കാർ ആക്രമിച്ചു. ഈ ഫ്ളൈയിംഗ് സ്കാഡ് എവിടെ പോയിരുന്നു? യൂണിയൻ ബാങ്കിൽനിന്ന് 10 ലക്ഷം രൂപ ഒരു ബൈക്കിൽവന്ന സംഘം ഒരു മാനേജരുടെ കയ്യിൽനിന്ന് തട്ടിക്കൊണ്ടു പോയി. ഫ്ളൈയിംഗ് സ്കാഡ് എവിടെയായിരുന്നു. പ്രതിയെ പിടിച്ചോ? കല്ലറയിൽ ചാരായവുമായി പോവുകയായിരുന്ന പി.കെ. വിശ്വംഭരൻ എന്ന വ്യാപാരിയെ ആക്രമിച്ചു കൊന്നു. എക്സൈസുകാരും ഗുണ്ടകളും തടഞ്ഞുവച്ച് അവരെ മാരകമായി മുറിവേൽപ്പിച്ചു. അതിന് നേതൃത്വം കൊടുത്തയുത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റിനെ ആക്രമിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ട് എന്താണ് പറഞ്ഞത്? രണ്ട് സംഭവവുമായി ബന്ധമില്ലെന്നു. ഈ സാഹചര്യം ഇവിടെ നിൽക്കുന്നതു കൊണ്ടല്ലേ ഇത്തരം സംഭവങ്ങൾ നടക്കുന്നത്. അടുത്തകാലത്ത് നഗരത്തിൽ കബീറിനെ കൂടാതെ ഞാൻ അധോലോക നായകൻമാരുടെ പേരുകളൊന്നും പറയുന്നില്ല. എത്രയോ പേരുണ്ട്. വയറൻ ശെൽവൻ, പൂക്കട സാബു, പരുന്ത് നസീർ, വെട്ടുകാട് ജോണി, ഗുണ്ടുകാട് ഷാജി, പല്ലൻ ഗോപി ഇങ്ങനെ എത്ര പേരാണ് നഗരത്തിൽ കോല്ലപ്പെട്ടത്? ഒരു സംഭവമുണ്ടാകുമ്പോൾ പോലീസ് അധോലോകസംഘത്തെ അരിച്ചുപെറുക്കും. അതാണ് ഈ നഗരത്തിൽ രണ്ടു ദിവസമായി നടക്കുന്നത്. അതുകഴിഞ്ഞാൽ പിന്നെ പോലീസ് നിഷ്ക്രിയമാണ്. അതുകൊണ്ടാണ് അധോലോക സംഘം തകർത്ത് നടക്കുന്നത്.

സർ, അതുപോലെതന്നെ പോലീസിന്റെ സ്ട്രെങ്ത്. പണ്ട് നഗരത്തിൽ ഒരു ഡി.ഐ.ജി.യുടെ കീഴിലായിരുന്നു പോലീസ് കമ്മിഷണർ ഉണ്ടായിരുന്നു. ഡി.സി.പി. അങ്ങേയ്ക്ക് അറിയാമല്ലോ. അപ്പോൾ കമ്മിഷണറും ഡി.ഐ.ജി.യും ഭരണപരമായ കാര്യങ്ങൾ നോക്കുകയും ഡി.സി.പി 3 അസിസ്റ്റന്റ് കമ്മിഷണർമാരെ ക്രോഡീകരിച്ചുകൊണ്ടു നഗരത്തിൽ ഗുണ്ടകൾക്ക് എതിരായും അതുപോലെ ആക്രമത്തിനെതിരായും നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ ആ സിറ്റി പോലീസിനെ തരംതാഴ്ത്തി. ഡി.ഐ.ജി.യെ മാറ്റി എസ്സ്.പി.യുടെ കീഴിലാക്കി. അതിന്റെ ഫലമായി ഇന്ന് നഗരത്തിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. കുറ്റം ചെയ്യുമ്പോൾ നടപടിയെടുക്കണ്ടേ? യൂണിവേഴ്സിറ്റി കോളേജിൽ പുച്ചട്ടിയെടുത്ത് അടിച്ചിട്ട് പ്രതികൾക്കെതിരെ നടപടിയുണ്ടായോ? നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ കയറി രോഗികളെയും ഡോക്ടർമാരെയും മർദ്ദിച്ചു. നടപടി ഉണ്ടായോ? അങ്ങനെ അക്രമികൾക്കെതിരായി നടപടിയെടുക്കുകയില്ലെന്ന് ഗുണ്ടാസംഘത്തിനും ഗാംഗുകൾക്കും ബോധ്യമു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ടാണ് നഗരം അവരുടെ തേർവാഴ്ചയായി മാറിയിരിക്കുന്നത്. ജനങ്ങൾ ഇന്ന് ഭയവിഹ്വലരാണ്. സ്ത്രീകൾക്ക് നടക്കാൻ നിവൃത്തിയില്ല. ആറ്റുകാലിൽ സ്ത്രീകൾക്ക് പോകാൻ കഴിയുന്നില്ല. മണക്കാട് മാർക്കറ്റിൽ പോകാൻ കഴിയുന്നില്ല. സ്ത്രീകൾ ഭയവിഹ്വലരാണ്. അങ്ങനെ ഗുരുതരമായ, ഈ നഗരത്തെ നടുക്കുന്ന ഒരു Gang war- ന്റെ കേന്ദ്രമായി നഗരം മാറിയിരിക്കുന്നു. അതുകൊണ്ട് ഈ ഗുരുതരമായ സ്ഥിതിവിശേഷം, പോലീസിലെ പാളിച്ചകൾ ചർച്ച ചെയ്തു സമഗ്രമായ നടപടിയുണ്ടാകണം. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, അട്ടക്കുളങ്ങര സബ് ജയിലിനുമുന്നിലുണ്ടായ ആ സംഭവത്തെ അതീവഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. സാമൂഹ്യവിരുദ്ധൻമാരുടെ കൂടിപ്പകയുടെ ഭാഗമായിട്ടാണ് ഈ സംഭവമുണ്ടായത്. രണ്ടുപേരും ഗുണ്ടാസംഘത്തിൽപ്പെട്ടവരാണ്. ഒരാളിനെ ന്യായീകരിച്ചും മറ്റെ ആളിനെ ചീത്തയാക്കിയും പറയേണ്ട. രണ്ടും ഒരേ ടൈപ്പാണ്. ജനങ്ങളിൽ ഭീതി പരത്തുന്നതിന് ഇത് ഇടയാക്കിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധൻമാർക്കും അക്രമികൾക്കുമെതിരായി അതിശക്തമായ നടപടികൾ തന്നെ സർക്കാർ സ്വീകരിക്കും. ഇത്തരക്കാരെ അമർച്ച ചെയ്യുന്നതിന് കക്ഷി രാഷ്ട്രീയ, ജാതി മത വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാവിഭാഗം ജനങ്ങളും ഒത്തൊരുമിക്കണം. ജനപിന്തുണയോടുകൂടി സർക്കാരിന്റെ എല്ലാ ശക്തിയും ഉപയോഗിച്ചു അക്രമികളെ അമർച്ച ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷക്കാലമായിട്ടു സ്വീകരിച്ച നടപടികളുടെ ഫലമായി ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനും നഗരത്തിലെ അക്രമികളെ ഒതുക്കുന്നതിനും കുറച്ച് അധികം മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്.

അക്രമസംഭവങ്ങൾ ആവർത്തിക്കാൻ കഴിയാത്തവിധംവേണ്ട നടപടികൾ സ്വീകരിക്കാൻ പോലീസിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കുറ്റകൃത്യങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ താരതമ്യേന കുറഞ്ഞുവരുന്നതായിട്ടാണ് കണക്ക്. 1991 മുതൽ 1994 വരെയുള്ള മൂന്നുവർഷക്കാലം 4350 കുറ്റകൃത്യങ്ങൾ തിരുവനന്തപുരം നഗരത്തിൽ നടന്നപ്പോൾ 1996 മുതൽ 1999 വരെയുള്ള 3 വർഷക്കാലങ്ങളിലെ കണക്കുകൾ കുറ്റകൃത്യങ്ങളുടെ എണ്ണം 3560 ആയി കുറഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനജീവിതം കൂടുതൽ സുരക്ഷിതമാക്കുന്നതിനും വേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജനങ്ങളുടെ പിന്തുണ അതിന് അഭ്യർത്ഥിക്കുന്നുണ്ട്. മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരള കൗമുദി ദിനപ്പത്രത്തിന്റെ ഉടമസ്ഥതയിലുള്ള 9252-ാം നമ്പർ കോണ്ടസാ കാർ 13.7.99-ന് വൈകുന്നേരം 5.30-ന് സ്റ്റ്യാച്ചു ഭാഗത്തുവച്ച് തട്ടിക്കൊണ്ടുപോയ സംഭവത്തിൽ പ്രതികളായ 4 പേരെയും അറസ്റ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ശ്രീകാര്യം ചാവടി മുക്കിന് സമീപമുള്ള മോട്ടൽ പ്ലസ് എന്ന പേരിലുള്ള ഹോട്ടലിന്റെ കൗണ്ടറിൽ ഇരിക്കുകയായിരുന്ന ഉദ്യോഗസ്ഥനായ ഗോപാലകൃഷ്ണനെ 24.06.99-ന് രാത്രി 9 മണിക്ക് 9 പേർ ചേർന്ന് കാറിൽ ബലമായി പിടിച്ചുകൊണ്ടുപോയി മർദ്ദിക്കപ്പെട്ട് വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തതിലേക്ക് കഴക്കൂട്ടം പോലീസ്സ്റ്റേഷനിൽ 168/99-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സിലെ മൂന്നു പ്രതികളെയും 26.6.99-ൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. അതുപോലെ തന്നെ പണമിടപാടുകാരനായ ശങ്കരൻ എന്ന ആളിനെ തകരപ്പറമ്പ് റോഡിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ച് 1999 മാർച്ച് മാസം 16-ാം തീയതി ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 97/99-ാം നമ്പർ കേസ്സിലെ പ്രതികളായ 5 പേരെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഇവിടെ ഗുണ്ടാസംഘത്തിന്റെ അക്രമത്തെ നേരിടാൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അതിന് നാട്ടുകാരുടെ സഹായങ്ങൾ ആവശ്യമാണെന്ന് അഭ്യർത്ഥനയുണ്ട്. കുറ്റവാളികളെ പിടികൂടുന്നതിനും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. എല്ലാവരുടേയും പിന്തുണയും അതിന് അഭ്യർത്ഥിക്കുന്നുണ്ട്. അതു കൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സ്പീക്കർ സർ, കേരള നിയമസഭയിൽ ഇതുപോലൊരു ചർച്ച ഉണ്ടായത് അത്യന്തം വേദനാജനകമായിപ്പോയി. മഹാരാഷ്ട്ര നിയമസഭയിൽ ഇതുപോലുള്ള ചർച്ചകൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. ബോംബെയുടെ സ്ഥിതിയിലേയ്ക്ക് കേരളത്തിന്റെ തലസ്ഥാനനഗരം വഴുതിവീഴുന്നതിൽ കേരളീയർക്കെല്ലാം ദുഃഖമുണ്ട്. ഇന്ത്യയിലെ തലസ്ഥാനനഗരങ്ങളിൽ ഏറ്റവും സമാധാനപരവും സുരക്ഷിതവുമായിരുന്നു കേരളത്തിന്റെ തലസ്ഥാനം. ഇത്രയൊക്കെ ഉണ്ടായിട്ടും അത് മനസ്സിലാക്കുന്നില്ലെങ്കിൽ അതുകൊണ്ടുതന്നെയാണ് ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ നമ്മുടെ നിയമസഭയിൽ തലസ്ഥാനനഗരിയിലെ അധോലോകഭരണത്തെക്കുറിച്ച് ഈ ഭരണകാലത്തല്ലാതെ ഇങ്ങനെയൊരു ചർച്ച വേണ്ടിവന്നിട്ടില്ല. ഈ ചർച്ചയ്ക്ക് മറുപടി പറഞ്ഞ മുഖ്യമന്ത്രിയുടെ ചില പരാമർശങ്ങൾ അദ്ദേഹത്തിൽനിന്ന് ഉണ്ടാകാൻ പാടില്ലായിരുന്നു. അങ്ങ് പറഞ്ഞു, രണ്ടുപേരും ഗുണ്ടാസംഘത്തിൽപ്പെട്ടവരാണെന്ന്. ഒരു കൂട്ടരെ മാത്രം ന്യായീകരിക്കുന്നത് ശരിയല്ല. അപ്പോൾ ഗുണ്ടാസംഘത്തിൽപ്പെട്ടവർ പരസ്പരം ബോംബ് എറിഞ്ഞ് കൊല്ലട്ടെ. അതാണല്ലോ ഇവിടത്തെ പുതിയ നീതി? പോലീസ് വേണ്ട, കോടതി വേണ്ട, പുറത്തുള്ളവർക്ക് കണക്കുതീർക്കാം. നിങ്ങൾ കാണിക്കുന്നതാണ് ഇപ്പോൾ ഗുണ്ടകൾ അനുവർത്തിക്കുന്നത്. നിങ്ങൾ, മാർക്സിസ്റ്റുപാർട്ടി കേരളത്തിലുടനീളം ഇന്ന് വളർത്തിവരുന്ന പുതിയ കണക്കുതീർക്കൽ ശൈലിയുണ്ടല്ലോ, ആ പുതിയ രാഷ്ട്രീയശൈലി ഇന്ന് എല്ലാ രംഗത്തേയ്ക്കും വ്യാപിക്കുകയാണ്. ഈ ഗുണ്ടകളുടെ ആശാന്മാർ മാർക്സിസ്റ്റുപാർട്ടിതന്നെയാണ്. നിങ്ങൾ കാണിക്കുന്നത് അവർ കാണിക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞു, രണ്ടുകൂട്ടരും ഒരുപോലെയാണെന്ന്. അതുകൊണ്ട് ഒരു ഗുണ്ടയെ വേറൊരു ഗുണ്ട ബോംബ് എറിഞ്ഞുകൊന്നാൽ അതിന് എന്താണ് ഇത്ര ഗൗരവമെന്നാണ് മുഖ്യമന്ത്രിയുടെ ചോദ്യം. അതാണ് അദ്ദേഹം പറഞ്ഞതിന്റെ ധ്വനി. പോലീസ് കസ്റ്റഡിയിലുള്ള ഒരു പ്രതിയെ, വിലങ്ങുവച്ച ഒരു പ്രതിയെ ജയിലിനുമുൻപിൽവച്ച് കൊന്നാൽ, രണ്ടും ഗുണ്ടകളാണ്, അതുകൊണ്ട് ഗുണ്ടകൾ തമ്മിൽ ആയിക്കോട്ടെയെന്ന് പറഞ്ഞാൽ ഇവിടത്തെ സ്ഥിതിയെന്താണ്? അപ്പോൾ ഇനി ഇവിടെ പോലീസ് വേണ്ട, കോടതി വേണ്ട, നിയമവാഴ്ച വേണ്ട, ഓരോരുത്തരും പ്രൈവറ്റ് ആർമി ഉണ്ടാക്കട്ടെ, പരസ്പരം കണക്കുതീർക്കട്ടെ എന്ന നിലയിലേക്ക്, ബോംബെയുടെയും വടക്കേ ഇന്ത്യയിലെ ചില സംസ്ഥാനങ്ങളുടെയും സ്ഥിതിയിലേയ്ക്ക് നമ്മുടെ സംസ്ക്കാരസമ്പന്ന

LIBRARY ARCHIVES Kerala Legislative Assembly

മായ കേരളത്തെ തള്ളിനീക്കാൻ നിങ്ങൾ ശ്രമിച്ചാൽ അത് നടക്കുകയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഇതിനെ ലഘുവായി കാണുന്നു. കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ദിവസവും ഇതാണ് നടക്കുന്നത്. ഹോട്ടലുകളിൽ കയറി ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പണം ചോദിച്ചാൽ അവിടെ ഭീഷണി, ഓട്ടോറിക്ഷയിൽ കയറിയാൽ പണം ചോദിച്ചാൽ ഭീഷണി, ടാക്സികാറിൽ കയറിയാൽ പണം ചോദിച്ചാൽ ഭീഷണി. ഇന്ന് തിരുവനന്തപുരം ഭരിക്കുന്നത് ഗുണ്ടകളും അധോലോകവുമാണ്. ഇവിടെ പോലീസിന്റെ ഭരണം നാമാവശേഷമായിരിക്കുന്നു. പോലീസിന് കുറ്റവാളികളെ ശിക്ഷിക്കാൻ സാധിക്കുന്നില്ല. ഇവിടത്തെ ക്രിമിനലുകൾക്ക് ഇന്ന് പോലീസിനെ ഭയമില്ലാതായിരിക്കുന്നു. പോലീസ് ഇന്ന് കാഴ്ചക്കാരാണ്. നിർവീര്യരാണെന്ന് ഇവിടത്തെ അധോലോകത്തിന് അറിയാം. അതുകൊണ്ടാണ് ഈ സംഭവങ്ങൾ ഇവിടെ ആവർത്തിക്കുന്നത്. ഇത്രയും സംഭവങ്ങളുണ്ടായിട്ടും ഇത് ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടായിട്ടുണ്ടോ? ഇന്ന് ആ തിരുവനന്തപുരത്ത് ഇത് തുടങ്ങിയിട്ടുണ്ടെങ്കിൽ നാളെ മറ്റു ജില്ലകളിലേയ്ക്കും വ്യാപിക്കും. കേരളമാകെ അധോലോകത്തിന്റെ പിടിയിലേക്ക് പോകുന്ന സാഹചര്യമുണ്ടാകാൻ പോവുകയാണ്. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല. അതുകൊണ്ട് ഈ ഗൗരവകരമായ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അതിന് എന്താണ് തകരാറ്? നമ്മൾ തമ്മിലുള്ള രാഷ്ട്രീയ തർക്കമല്ല ഇത്. കേരളത്തിന്റെ തലസ്ഥാനനഗരിയിലുണ്ടായിട്ടുള്ള ഈ പുതിയ പ്രവണത, കേരളത്തിന്റെ തലസ്ഥാനനഗരി അധോലോകത്തിന്റെയും ഗുണ്ടകളുടെയും പിടിയിലാകുന്ന ഈ സാഹചര്യം എന്തുകൊണ്ട് ഈ സഭ നിറുത്തിവച്ച് നമുക്ക് ഏതാനും മണിക്കൂറുകൾ ചർച്ച ചെയ്തുകൂടാ? അത് നിയമപാലകർക്ക് ഒരു താക്കീതാവുകയില്ലേ? കാര്യങ്ങൾ ഇങ്ങനെ പോകുന്നത് ശരിയല്ലെന്ന് അവർ മനസ്സിലാക്കാൻ അവസരമുണ്ടാവുകയില്ലേ? ഗുണ്ടകൾക്ക് ഒരു താക്കീതാവുകയില്ലേ? എന്തുകൊണ്ട് അത് ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല? ഇത് ഒരു കക്ഷിരാഷ്ട്രീയത്തിന്റെയും പ്രശ്നമല്ല. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനുപകരം അതിനെ നിസ്സാരമായി കണ്ടുകൊണ്ട് ഗുണ്ടകൾ തമ്മിൽ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും അടിച്ചോട്ടെ, കൊന്നോട്ടെ, കണക്കു തീർത്തുകൊള്ളട്ടെ എന്ന നിലയിലുള്ള ലാഘവബുദ്ധിയോടുകൂടിയുള്ള മുഖ്യമന്ത്രിയുടെയും ഈ ഗവൺമെന്റിന്റെയും നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സർ, ഇവിടെ നടന്ന സംഭവം വളരെ അസാധാരണമാണ്. കോടതിയിൽനിന്ന് കൊണ്ടുപോകുന്ന ഒരു പ്രതിയെ പോലീസ് കസ്റ്റഡിയിൽവച്ച് ബോംബെറിഞ്ഞ് കൊന്നിരിക്കുന്നു. ഇതൊരു പ്രതിപക്ഷ-ഭരണപക്ഷ പ്രശ്നമായി കാണരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തിരുവനന്തപുരം നഗരിയിൽ നടന്ന ചില സംഭവങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇത് അനുവദിച്ചുകൂടാ. ഈ കാര്യത്തിൽ ഫ്ളൈയിംഗ് സ്ക്വാർഡും ക്രമസമാധാനത്തിനു വേണ്ട മറ്റു സജ്ജീകരണങ്ങളും എത്രകണ്ട് അനാസ്ഥകാണിച്ചു, എത്രകണ്ട് ശ്രദ്ധപതിപ്പിച്ചു, ഇവരെ സംബന്ധിച്ച് മുൻകൂട്ടി വിവരം ലഭിക്കാൻ എന്തെങ്കിലും ശ്രമം നടത്തിയോ എന്നെല്ലാം അറിയാൻ ജനങ്ങൾ ആകാംക്ഷയോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി കാത്തിരിക്കുകയാണ്. ഈ ആകാംഷയ്ക്ക് എന്തെങ്കിലും വസ്തുതകൾ നിരത്തിക്കൊടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ബാദ്ധ്യത യുണ്ട്. ആ ബാദ്ധ്യത പ്രകടിപ്പിക്കാൻ ഈ അടിയന്തിരപ്രമേയം വഴി അങ്ങ് അവസരം തരേണ്ടതായിരുന്നു. അതിന് അവസരം തരാതെ ഇതൊരു രാഷ്ട്രീയ പ്രശ്നമായി കണ്ടത് ശരിയായില്ലെന്നാണ് എന്റെ അഭിപ്രായം. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ.വി. അബ്ദുറഹിമാൻഹാജിയും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ.എം. മാണി : സർ, ഇവിടെ ഉണ്ടായ ഈ സംഭവം ദാരുണമാ ണെന്നു മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടില്ല. യഥാർത്ഥ ത്തിൽ കൊല്ലപ്പെട്ട ഇയാൾ ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്നു. പോലീസ് കസ്റ്റഡിയിൽ അല്ലാ, ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിരുന്നു. കോടതിയിൽ ഹാജരാക്കി, കോടതി റിമാന്റിൽ സബ്ജയിലിലേയ്ക്ക് പോലീസുകാരുടെ അകമ്പടിയോടുകൂടി വിട്ട, ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഒരാളെ പോലീസിനു മുൻപിൽവച്ച് ബോംബെറിഞ്ഞ് കൊന്ന സംഭവം ഇതുവരെയും കേരളത്തിലു ണ്ടായിട്ടില്ല. ഇന്ത്യയിലുണ്ടായിട്ടുണ്ടെന്നുപോലും സംശയിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ ഇത്രമാത്രം ഗുരുതരമായ ഈ സംഭവത്തിൽ ഗവൺമെന്റ് ഉത്തരവാദിയാണ്. കാരണമെന്താണ്? ഗവൺമെന്റിന്റെ അനാസ്ഥയില്ലായിരു ന്നുവെങ്കിൽ ഇത് സംഭവിക്കുകയില്ലായിരുന്നു. ഇതിനു മുമ്പും ഒരു ദിവസം കോടതിയിൽവച്ച് ഈ കബീറിനെ കൊല്ലാൻ കരാട്ടെ ഫറൂഖിന്റെ നേതൃത്വ ത്തിലുള്ള ഗുണ്ടാസംഘം ശ്രമിച്ചതാണ്. അങ്ങനെ ശ്രമിച്ചതിന്റെ പേരിൽ ഒരു പെറ്റിഷൻ ജയിൽ അധികൃതരുടെ പക്കൽ ഈ കബീർ നൽകിയിരുന്നുവെ ങ്കിൽ അതിന്മേൽ എന്ത് നടപടിയുണ്ടായി? അതിന്മേൽ യാതൊരു നടപടിയുമു ണ്ടായിട്ടില്ല. അപ്പോൾ മുൻകൂട്ടി ഗവൺമെന്റിനെ, അധികൃതരെ അറിയിച്ചിരു ന്നു. ഈ കൊലപാതകശ്രമം അധികൃതർക്ക് നേരത്തെ അറിയാം. എന്നിട്ട് അതിനുള്ള കരുതൽ നടപടി സ്വീകരിക്കാതെ ഈ കബീറിനെ വീണ്ടും കോട തിയിൽനിന്ന് സബ് ജയിലിലേക്ക് പോകുന്ന സന്ദർഭത്തിൽ പോലീസിന്റെ കൺമുമ്പിൽവച്ച് ബോംബെറിഞ്ഞ് കൊന്നുവെങ്കിൽ ഗവൺമെന്റിന് ആ ഉത്തരവാദിത്വത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയുകയില്ല. യഥാർത്ഥത്തിൽ നിങ്ങ ളുടെ അനവധാനതയാണ് ഈ കൊലപാതകത്തിന് കാരണമായതെന്നുള്ള തിൽ യാതൊരു സംശയവുമില്ല. ശ്രീ. എ.കെ. ആന്റണി പറഞ്ഞത് വളരെ ശരിയാണ്. ബോംബെ അധോലോകം പോലെ വളരെ കരുതലോടുകൂടി, സുസംഘടിതമായി ഇതിന്റെ പിന്നിൽ ഒരു ടീമുണ്ട്. പ്രീ-പെയ്ഡ് സെല്ലുലാർ ഫോൺ ഉപയോഗിച്ചുകൊണ്ട് ഈ കൊല ചെയ്യപ്പെട്ട കബീറിന്റെ നീക്കങ്ങൾ, കോടതിയിൽനിന്നും പോരുന്ന ആ യാത്രയുടെ ഓരോ നീക്കങ്ങളും ചലന ങ്ങളും അവരുടെ സംഘങ്ങൾക്ക് അവർ കൈമാറിക്കൊണ്ടിരുന്നു. പല സ്ഥല ങ്ങളിലും ആളുകൾ ഇയാളെ വകവരുത്താൻവേണ്ടി കാത്തിരുന്നു എന്നുള്ള താണ് റിപ്പോർട്ട്. വലിയ ദാരുണമായ ഒരു കാര്യമാണ് എന്നുമാത്രമല്ല ആ സബ് ജയിലിനുമുമ്പിൽ കിടന്നിരുന്ന കാർ, ബൈക്ക് ഇതൊക്കെ ഈ കൊല പാതകവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ആ പ്രതികൾ കാറിലും ബൈക്കിലും കയറി രക്ഷപ്പെടുന്നു. ഇതിൽ പ്രതികളെ പിടിക്കാൻ കഴിഞ്ഞി ട്ടില്ല എന്നുള്ളതു വളരെ സങ്കടകരമായ ഒരു കാര്യമാണ്. ഞാൻ മുഖ്യമന്ത്രി യോടു പറയാം. മുഖ്യമന്ത്രി ഇവിടെ കേസ്സുകളുടെ വിവരങ്ങൾ ഒക്കെ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞു. ആക്ഷേപകരമാണ്. സമാധാനത്തിന് പെരുമ കേട്ടിരുന്ന കേരളം അധോലോകത്തിന്റെ നാടായി മാറിയിരിക്കുകയാണ്. കലാപഭൂമിയായി മാറിയിരിക്കുന്നു.*****

മി. സ്പീക്കർ : അതൊന്നും രേഖയിലുണ്ടാവുകയില്ല.

ശ്രീ. കെ.എം. മാണി : സർ, ഇതിന്റെ കാരണം ഇതാണ്. ഈ രീതിയിൽ ഇവിടെ നടത്തപ്പെടുന്ന ഈ സംഭവങ്ങൾ-സർ, മുണ്ടൂരിൽ യൂത്ത് കോൺഗ്രസ് നേതാവ് പ്രവീൺ കുമാറിന്റെ വീടിനുനേരെ ബോംബേറ് ഇന്നത്തെ പത്രത്തിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഞാൻ ഒരു ഉദാഹരണം പറഞ്ഞു എന്നുമാത്രമേയുള്ളു. മെയിൻ കേസ് എന്നുപറയുന്നത് ഇവിടെ ബോംബെറിഞ്ഞു കൊല്ലപ്പെട്ടു. ബോംബേറ് നിത്യസംഭവമായി മാറുന്നു. ബോംബേറ് നിത്യസംഭവമായി മാറുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം സൈരജീവിതം അപകടത്തിലാക്കിയിരിക്കുന്നു. ഇത് അധോലോക നായകൻമാരുടെ നാടായി മാറിയിരിക്കുന്നു. ഇവിടെ ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ പെരുകി വരുന്നുവെങ്കിൽ വാസ്തവത്തിൽ ഗവൺമെന്റിന്റെ നിസ്സംഗതയാണ് അതിനു കാരണം. ഗവൺമെന്റിന്റെ അനവധാനതയാണ്. നിയമ സമാധാന തകർച്ചയിലേക്കും ഗുണ്ടാവിളയാട്ടത്തിലേക്കും നമ്മുടെ കേരളത്തെ തള്ളിവിടരുത് എന്നുമാത്രമേ എനിക്ക് അപേക്ഷിക്കാനുള്ളു. ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ള പ്രതിഷേധാർഹമായ കുറ്റകരമായ അനാസ്ഥയ്ക്ക് എതിരെ പ്രതിഷേധിച്ചുകൊണ്ട്..... സർ, ഇതു ചർച്ചചെയ്യേണ്ടതാണ്. നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്ന സംഭ്രമജനകമായ സംഭവവികാസങ്ങൾ ചർച്ചചെയ്യാൻ ഈ അടിയന്തിര പ്രമേയം അനുവദിക്കുന്നില്ലെങ്കിൽ എന്തിനുവേണ്ടിയാണ് അടിയന്തിരപ്രമേയ ചർച്ച. ഇതിനുവേണ്ടി ഒരു ചർച്ച അനുവദിക്കാത്തത് ഇതിന്റെ പിന്നിൽ എന്തോ കള്ളക്കളിയുണ്ട്. അതു കൊണ്ടാണല്ലോ ചർച്ച അനുവദിക്കാത്തത്. ഇതിനുവേണ്ടി ചർച്ച അനുവദിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ടി.എം. ജേക്കബ് : സർ, മുഖ്യമന്ത്രി ഇവിടെ രണ്ടു വിശദീകരണങ്ങൾ നൽകി. ഒന്ന്, അടിയന്തിരപ്രമേയത്തിന്റെ നോട്ടീസിനെ സംബന്ധിച്ച് പറഞ്ഞു. പിന്നീട് അടിയന്തിര പ്രമേയത്തിനുള്ള മറുപടിയായിട്ടും പറഞ്ഞു. അദ്ദേഹം നൽകിയ വിവരങ്ങളിൽനിന്നുതന്നെ ഒരു ചർച്ചയ്ക്ക് വളരെ അടിയന്തിര പ്രാധാന്യമർഹിക്കുന്നുണ്ട്. കാരണം അദ്ദേഹം ഒട്ടേറെ സംഭവങ്ങൾ പറഞ്ഞു. അങ്ങ് ചെയറിൽനിന്നു പറഞ്ഞു ഇവിടെ പരാമർശിച്ച കാര്യങ്ങൾക്കുള്ള മറുപടിയാണെന്ന്. ശരിയാണ്. അദ്ദേഹം അതിന് മറുപടി പറയുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് ഞാൻ ഇവിടെ നോട്ടു ചെയ്തുവച്ചു. 1991 മുതൽ 94 വരെ ഈ തലസ്ഥാന നഗരിയിൽ 4350 ക്രിമിനൽ കേസ്സുകളുണ്ടായിട്ടുണ്ട്. 96 മുതൽ 99 വരെ 3560 ക്രിമിനൽ കേസ്സുകളുണ്ടായിട്ടുണ്ട്. അപ്പോൾ മുഖ്യമന്ത്രിയുടെ കണക്കനുസരിച്ച് ഇനി 790 എണ്ണം കൂടി ബാക്കിയുണ്ട്. അതുകൂടി വന്നാൽ പൂർണ്ണമായി. ഈ ക്രിമിനൽ കേസ്സ് പല സ്വഭാവത്തിലുണ്ടല്ലോ. ഇതിൽ മുഖ്യമന്ത്രി പറയേണ്ടി

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

യിരുന്ന ഒരു സംഗതിയുണ്ട്. ബോംബേറ് കേസ് എത്രയുണ്ടായി? ജുഡീഷ്യൽ കസ്റ്റഡിയിലോ പോലീസ് കസ്റ്റഡിയിലോ ഇരിക്കുമ്പോൾ കൊല്ലപ്പെട്ട സംഭവങ്ങൾ എത്രയുണ്ടായി? അതാണ് കാതലായ പ്രശ്നം. അത് മുഖ്യമന്ത്രിയുടെ 4350 എന്ന കണക്കിനകത്ത് 91 മുതൽ 94 വരെയുള്ള കാലഘട്ടത്തിൽ കാണുകയില്ല. ജുഡീഷ്യൽ കസ്റ്റഡിയിൽവച്ച് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരാളെ ബോംബെറിഞ്ഞുകൊന്ന ഒരു കേസ്സുണ്ടായിട്ടില്ല. പോലീസ് കസ്റ്റഡിയിൽവച്ച് ഒരാളെ ബോംബെറിഞ്ഞുകൊന്ന ഒരൊറ്റ കേസ്സുണ്ടായിട്ടില്ല. അതാണ് ഇവിടെ പ്രശ്നം. അല്ലാതെ ചെറിയ ചെറിയ ക്രിമിനൽ കേസ്സുകളുടെ നമ്പർ പറഞ്ഞിട്ട് ഇവിടെ വലിയ മിടുക്കാണെന്നും സാമർത്ഥ്യമാണെന്നും ധരിച്ചുകൊണ്ട് രാജ്യത്ത് ക്രമസമാധാനനില ഭദ്രമാണെന്നു വരുത്തിതീർക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലെയുള്ള ഒരാൾ ശ്രമിച്ചതു തികച്ചും ഖേദകരവും പ്രതിഷേധാർഹവുമാണ്. സർ, ഞാൻ നീട്ടിപറയുന്നില്ല. ഇവിടെ കൊല്ലപ്പെട്ട കബീർ ആ കേസ്സിലെ മറ്റൊരാൾ അങ്ങനെ രണ്ടുപേരുണ്ട്. മുഖ്യമന്ത്രി പറഞ്ഞു ആരോ ആരെയോ ന്യായീകരിച്ചു എന്ന്. ഞങ്ങൾ ആരും ആരെയും ന്യായീകരിച്ചിട്ടില്ല. ഇവിടെ നടക്കുന്ന കൊലപാതകങ്ങൾക്കും പിടിച്ചുപറികൾക്കും ഗുണ്ടാ ആക്രമണങ്ങൾക്കും ഞങ്ങളാരും ന്യായീകരണം നൽകുന്നില്ല. ഇവിടെ കൊല്ലപ്പെട്ട കബീർ രണ്ടു കൊലക്കേസ്സുകളിലും രണ്ടു വധശ്രമ കേസ്സിലടക്കം പതിനേഴ് കേസ്സിലും കബീറിനെ കൊന്ന ഫറൂക്കിന്റെ സംഘം അതിൽ ഫറൂക്ക് എന്നുപറയുന്ന ആൾ ഒരു കൊലക്കേസിലും ഏഴ് വധശ്രമ കേസടക്കം 21 കേസിലും പ്രതികളാണ്. രണ്ടുപേരും രണ്ട് ഗുണ്ടാസംഘങ്ങളുടെ ആളുകളാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞല്ലോ കൊല്ലപ്പെട്ട കബീറിനു വധഭീക്ഷണിയുണ്ടെന്ന് മുൻകൂട്ടി അദ്ദേഹത്തിനു എഴുതി കൊടുത്തിരിക്കുന്നു എന്ന്. രാജീവ്ഗാന്ധിയെ കൊന്നയാളെ തൂക്കിക്കൊല്ലാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതാണ് നമ്മുടെ നാട്. ഇതിനൊക്കെ ഒരു നീതിന്യായപീഠമുണ്ട്. ഇതിനെല്ലാം അവിടെ നിന്നുമാത്രമേ തീരുമാനമെടുക്കാൻ കഴിയൂ. അല്ലാതെ ആളുകൾക്ക് പരസ്പരം കൊല്ലാനുള്ള നീതിയും നിയമവും ഈ രാജ്യത്തില്ല. അങ്ങനെയുള്ള രാജ്യത്താണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ട് ഈ സംരക്ഷണം വേണമെന്നു പറഞ്ഞയാളിന് സംരക്ഷണം കൊടുത്തോ. മുഖ്യമന്ത്രി എന്താണ് പറഞ്ഞത്. ഇത്രയും വലിയൊരു ഗാംഗിന്റെ അധിപൻ തന്നെ കൊല്ലാനുള്ള ശ്രമം നടക്കുന്നു എന്നുപറഞ്ഞിട്ട് രണ്ടു പോലീസുകാരുടെ അകമ്പടിയോടുകൂടി ആ പ്രതിയെ സബ്ജയിലിൽ കൊണ്ടുവന്നു എന്നുപറഞ്ഞാൽ ഇവിടത്തെ പോലീസിന്റെ കുറ്റകരമായ അനാസ്ഥയല്ലേ ഇത് കാണിക്കുന്നത്? ആറ്റിങ്ങലിൽ പരാജയപ്പെട്ട ആ ഓപ്പറേഷൻ തിരുവനന്തപുരത്ത് അട്ടക്കുളങ്ങര സബ്ജയിലിനു മുൻപിൽ സക്സസായി. ഏറ്റവും തിരക്കേറിയ ഒരു പ്രദേശത്ത് പോലീസിന്റെ മൂക്കിനുതാഴെ ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന പോലീസ് മന്ത്രിയായ മുഖ്യമന്ത്രിയുടെ മൂക്കിനു താഴെ തലസ്ഥാന നഗരിയ്ക്കകത്ത് ഈ ഓപ്പറേഷൻ സക്സസായി എങ്കിൽ നമ്മുടെ പോലീസുകാർക്ക് കൊടുത്തിരിക്കുന്ന കാക്കി കുപ്പായം പലരുടെയും ഊരിക്കളയേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഞാൻ അവരെ കുറ്റം പറയുന്നില്ല. ഇതിനു നേതൃത്വം കൊടുക്കുന്ന മാർഗ്ഗ നിർദ്ദേശം കൊടുക്കുന്ന മുഖ്യമന്ത്രിക്കുതന്നെ വഴി പിഴച്ചിരിക്കുകയാണ്. പത്തു മീറ്റർ അകലത്തിൽ ബോംബെറിഞ്ഞു. ഇതു മലയാള മനോരമ പത്രമാണ് (പത്രം കാണിച്ചു) സർ, ഇതിനകത്തു തലയില്ല. ഈ മരിച്ചു കിടക്കുന്ന 22 വയസ്സുള്ള ചെറുപ്പക്കാരന് തലയില്ല. പത്തുമീറ്റർ അകലെ നിന്നാണ് ബോംബെറിഞ്ഞിരിക്കുന്നത്. തല കാണുമോ? വലിയ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് കൊന്നിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂരിൽ ബോംബാക്രമണം വളരെയേറെ നടന്നിട്ടുണ്ട്. പക്ഷെ തലസ്ഥാന നഗരിയിൽ ആദ്യമാണ്. അതുകൊണ്ട് ഇത്രയും ഗുരുതരമായ ഒരു അവസ്ഥാ വിശേഷം വന്നിരിക്കുന്നു. ഈ രാജ്യത്ത് ക്രമസമാധാനനില ഇത്രയും താറുമാറാക്കിയ സംഭവങ്ങളുണ്ടായിട്ടും ഇതേക്കുറിച്ച് സഭയിൽ ചർച്ചചെയ്യാൻ വൈമുഖ്യം കാണിക്കുന്ന മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

(ശ്രീമതി ഗൗരിയമ്മയും സഭവിട്ട് പുറത്തുപോയി)

(അല്പ സമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

IV. ശ്രദ്ധക്ഷണിക്കൽ

(1) സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അർഹമായ സംവരണം നൽകേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി.കെ. കുമാരൻ : സർ, സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങൾക്ക് അർഹമായ സംവരണം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ രാജ്യത്ത് ചാതുർവർണ്യത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥയാണ് നിലനിന്നുവന്നിരുന്നത്. നമ്മുടെ ഭരണംതന്നെ മനുസ്മൃതി എന്ന മനുവിന്റെ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഭാരതത്തിനുപുറത്ത് സമൂഹത്തിൽ പല തട്ടുകളായി മനുഷ്യരെ വേർതിരിച്ചിരുന്നു. എന്നാൽ ഭാരതത്തിൽ ചാതുർവർണ്യവ്യവസ്ഥയുടെ ഉള്ളിൽപോലും പെടാത്ത പഞ്ചമജാതിക്കാരായിരുന്നു. നമ്മുടെ രാജ്യത്തെ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും എന്ന് പിന്നീട് ഭരണഘടന നിലവിൽ വന്നതിനെത്തുടർന്ന് വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വിദേശ രാജ്യങ്ങളിലൊക്കെ മനുഷ്യ സമൂഹത്തിലുള്ള തട്ടുകൾ കാലക്രമേണ അവിടെയുള്ള വിദ്യാഭ്യാസത്തിന്റെയും അവിടെയുണ്ടായ ധനസ്ഥിതിയുടേയുമെല്ലാം അടിസ്ഥാനത്തിൽ മാറിയെങ്കിലും ഭാരതത്തിൽ ആ സ്ഥിതിക്ക് ഒരു മാറ്റവുമുണ്ടായിട്ടില്ല. അതിന്റെ ഫലമായി ചാതുർവർണ്യ വ്യവസ്ഥ, ആ വ്യവസ്ഥയിലധിഷ്ഠിതമായിട്ടുള്ള ജാതി വ്യവസ്ഥ, നമ്മുടെ രാജ്യത്ത് നിലനിന്നതിനെ തുടർന്ന് ജാതീയമായ ഒരു പിന്നോക്ക സ്ഥിതി സ്വത്ത് സമ്പാദനത്തിലും തൊഴിൽ സൗകര്യങ്ങളുണ്ടാകുന്നതിലും വിദ്യാഭ്യാസത്തിലുമൊക്കെയായി വളർന്നുവന്നുവെന്നുള്ളതാണ്. ചരിത്രപരമായി കാര്യങ്ങൾ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്നത്. ഈ സ്ഥിതി മനസ്സിലാക്കിയിട്ടാണ് ഈ വിഭാഗത്തിലുള്ള ജനങ്ങൾക്ക് ആശ്വാസകരമായ നിലപാടും നടപടികളുമുണ്ടാക്കുന്നതിനുവേണ്ടി 1931-ലും 1936-ലും യഥാക്രമം പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പ്രത്യേകമായ

LIBRARY ARCHIVES Kerala Legislative Assembly